ഒരു കൈപ്പൂവന്റെ കഥ

വിവ: മീ. മാത്യു. പി. എം. B. Sc.


ห้องสมุดกรมศิลปากร

ക്രൈസ്തവന്റെ മഹനീയ പദവി

(The Great Doctrine of the Mystical Body of Christ
എന്ന പുസ്തകത്തിന്റെ പരിഭാഷ)

പരിഭാഷകൻ:
ശ്രീ. മാത്യു പി. എം. B. Sc.





Free Distribution
DVK Central Library
Bangalore - 560 0

പ്രസാധകർ:
എസ്. എച്ച്. ലീഗ്,
മംഗലപ്പുഴ സെമ്മിനാരി,
ആലുവാ നോർത്ത് P. O.

വില 2ണ.

ഒന്നാം പതിപ്പ്]

[കോപ്പി 2000
31-5-'55.

M/262.08

NIHIL OBSTAT

Fr. Aurelian, O. C. D.,
Rector, Ap. Seminary.

Alwaye,
15—3—1955.


IMPRIMATUR

† Joseph Attipetty,
Abp., of Verapoly.

Ernakulam,
28-3-'55.

(പകർപ്പവകാശം എസ്. എച്ച്. ലീഗിന്)

Printed by Bro. C. F. Joseph at the J. M. Press,
Ap. Seminary, Alwaye North P. O.



ക്രൈസ്തവന്റെ മഹനീയ പദവി

അസ്തമയാർക്കൻ കനകരശ്മികളാൽ പശ്ചിമ ചക്രവാളത്തിൽ അരുണിമ പൂശി. ഉഷ്ണാധിക്യത്താൽ ദിവസം സഞ്ചാരയോഗ്യമായിരുന്നില്ലെങ്കിലും ഒരു സംഘം അശ്വാരൂഢരായ ആളുകൾ പ്രഭാതംമുതൽ ആ വിജനപ്രദേശത്തുകൂടി സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവർ വികാരഭരിതരും ക്ഷീണഗാത്രരുമായിരുന്നെങ്കിലും ദമാസ്കസിലേക്കുള്ള വഴിയേ യാത്ര തുടരുകതന്നെ ചെയ്തു.

താർസൂസിലെ കുപ്രസിദ്ധനായ സാവൂൾ അവരുടെ മുൻനിരയിൽ യാത്രചെയ്തിരുന്നു. അദ്ദേഹത്തിന്റെ മുഖത്തു് ഏതോ ഒരു നിശ്ചയഭാവം വ്യക്തമായി കാണാമായിരുന്നു. ഭീകരങ്ങളായിരുന്ന അദ്ദേഹത്തിന്റെ നയനങ്ങളും.

പെട്ടെന്നു കണ്ണഞ്ചിക്കുന്ന ഒരു പ്രഭാപ്രസരം! സാവൂൾ കുതിരപ്പുറത്തുനിന്നും താഴെവീണു. അദ്ദേഹത്തിന്റെ ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു. അപ്പോൾ ആകാശത്തുനിന്നു സ്ഫുടവും ശാന്തവുമായ സ്വരത്തിൽ ഇപ്രകാരം കേൾക്കപ്പെട്ടു:

"സാവൂളേ, സാവൂളേ, നീ എന്തിനു് എന്നെ പീഡിപ്പിക്കുന്നു?"

"നാഥാ, അവിടുന്നു് ആരാണു്?" സാവൂൾ ചോദിച്ചു.

"നീ പീഡിപ്പിക്കുന്ന യേശുക്രിസ്തു ഞാനാകുന്നു". പ്രത്യുത്തരം.

ദുർഗ്രഹങ്ങളായ ഈ വാക്കുകൾ സാവൂളിനെ പരിഭ്രാന്തചിത്തനാക്കി. "യേശുക്രിസ്തുവിനെ ഗാഗുൽത്തായിൽവച്ചു ക്രൂശിച്ചിട്ട് എത്രയോ നാളുകളായി! അങ്ങനെ ക്രിസ്തു വധിക്കപ്പെട്ടു. പിന്നെ എങ്ങനെയാണു താൻ ക്രിസ്തുവിനെ പീഡിപ്പിക്കുന്നതു്? മരിച്ചുപോയവർ പീഡനങ്ങൾക്കു വിധേയരാണോ?" സാവൂൾ താഴെയിരുന്നു് ഇപ്രകാരം ആലോചിച്ചു. സഹയാത്രക്കാർ ആശ്ചര്യസ്തബ്ധരായി അവിടെനിന്നു.

അദ്ദേഹത്തിന്റെ നയനങ്ങൾ ഇപ്പോൾ അന്ധമാണു്. യാതൊന്നും അദ്ദേഹത്തിനു കാണുവാൻ കഴിയുന്നില്ല. സാവൂൾ പരസഹായത്തോടെ വീണ്ടും കുതിരപ്പുറത്തു കയറി. ലക്ഷ്യമില്ലാത്ത ഒരു പഥികനെപ്പോലെ അദ്ദേഹം തന്റെ കൂട്ടുകാരെ അനുഗമിച്ചു.

എന്നാൽ, താൻ ശ്രവിച്ച ആ വാക്കുകൾ അദ്ദേഹത്തിന്റെ കണ്ണുപൂടങ്ങളിൽ മുഖരിതമായിക്കൊണ്ടിരുന്നു. എങ്ങനെയാണു താൻ ക്രിസ്തുവിനെ പീഡിപ്പിച്ചതു്? താൻ ക്രിസ്ത്യാനികളെ നിഷ്ഠുരം മർദ്ദിച്ചുവെന്നതു ശരിതന്നെ. എന്നാൽ, ക്രിസ്തുവിനെ ഒരിക്കലും മർദ്ദിച്ചിട്ടില്ല.

എന്നാൽ, ക്രമേണ നവ്യവും അത്ഭുതകരവുമായ ഒരു സത്യം അദ്ദേഹത്തിൽ പ്രകാശിക്കുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ കണ്ണുകൾ അന്ധമായിരുന്നെങ്കിലും വിസ്മയാവഹമായ ഒരു സത്യത്തിന്റെ അവ്യക്തമായ ഒരു രൂപത്തെ അവർ ദർശിച്ചു. ഒരു സപ്തീയസന്ദർശനത്തിലെന്നതുപോലെ സകല ക്രിസ്ത്യാനികളേയും ക്രിസ്തുവിനോടു് ഐക്യപ്പെടുത്തുന്ന അത്ഭുതകരമായ ആ ബന്ധം അദ്ദേഹം കണ്ടു. ഈ ബന്ധം തീർത്തും അദ്ദേഹ്യമായിരുന്നതിനാൽ ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതു ക്രിസ്തുവിനെ പീഡിപ്പിക്കുന്നതിനു സമമാണെന്നു് അദ്ദേഹം ഗ്രഹിച്ചു.

ക്രിസ്തുവും ക്രിസ്ത്യാനികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു സാവൂളിനു ഇപ്പോൾ ലഭിച്ച ഈ അറിവു് ക്രമേണ കൂടുതൽ കൂടുതൽ സ്പഷ്ടമാകുവാനിരിക്കുന്നതേയുള്ളു. കാലാന്തരത്തിൽ അതു മഹത്തായ ഒരു വെളിപാടിന്റെ വ്യക്തതയും മാഹാത്മ്യവും കൈക്കൊള്ളും. മതവിദ്വേഷിയായ സാവൂൾ അപ്പസ്തോലപ്രവരനായ വി. പൗലോസായി മാറപ്പെട്ടു. അദ്ദേഹം ദമാസ്കസിൽ വന്നതു ക്രൈസ്തവമതമർദ്ദകനായിട്ടല്ല, പ്രത്യുത, ക്രിസ്തുവിന്റെ ഒരു ധീരയോദ്ധാവായിട്ടാണു്.

അദ്ദേഹത്തിന്റെ അന്ധതപം സൗഖ്യമാക്കപ്പെട്ടപ്പോൾ, മുമ്പു് ഭീകരങ്ങളായിരുന്ന ആ നേത്രങ്ങൾ നിത്യപ്രകാശത്താൽ പ്രശോഭിതങ്ങളായി. അവ തീക്ഷ്ണതയാൽ ഉജ്ജ്വലിതങ്ങളായി. വത്സരങ്ങൾ കടന്നുപോയി. എങ്കിലും അന്നു ശ്രവിച്ച ആ സുവ്യക്തമായ വാക്കുകൾ അദ്ദേഹത്തിന്റെ ഹൃദയാന്തർഭാഗത്തു സദാ പ്രതിധ്വനിച്ചുകൊണ്ടിരുന്നു. എന്തിനു്? താൻ മുൻപു് ഒരു ക്രൈസ്തവമതമർദ്ദകനായിരുന്ന എന്ന വസ്തുത അദ്ദേഹത്തെ അനുസ്മരിപ്പിക്കുവാൻ. സന്താപഹേതുകമായ ആ ചിന്ത അദ്ദേഹത്തിന്റെ പ്രേഷിതചൈതന്യത്തെ ഉത്തേജിപ്പിച്ചു. അദ്ദേഹത്തെ മുന്നോട്ടു നയിക്കുന്ന ഒരു അജയ്യശക്തിയായി അതു രൂപാന്തരപ്പെട്ടു. ക്രിസ്തുവും ക്രിസ്ത്യാനികളും തമ്മിലുള്ള ആ ബന്ധത്തിന്റെ അത്ഭുതകരമായ രഹസ്യം സദാ അദ്ദേഹത്തിന്റെ സ്മരണാമണ്ഡലത്തിൽ തിളങ്ങി പ്രകാശിച്ചു. വിശുദ്ധന്റെ ഓരോപ്രഭാഷണത്തിലും ഓരോ ലേഖനത്തിലും ഈ മഹാ രഹസ്യത്തെപ്പറ്റിയുള്ള പ്രസ്താവനകൾ കാണാം. മിശിഹായും ക്രിസ്ത്യാനികളും തമ്മിലുള്ള ഈ ബന്ധമായിരുന്നു അദ്ദേഹത്തിന്റെ ആശയങ്ങളുടേയും ചിന്തകളുടേയും കേന്ദ്രം. ക്രിസ്തുവിന്റെ മൗതികശരീര(Mystical body)ത്തെപ്പറ്റി ലോകം മുഴുവനേയും അറിയിക്കുവാൻ അദ്ദേഹം തീരുമാനിച്ചു.

സഭതന്നെയാണു ശരീരം

ക്രിസ്തുവും ക്രിസ്ത്യാനികളും തമ്മിലുള്ള ഗാഢമായ ബന്ധത്തിന്റെ പരിപൂർണ്ണതനിമിത്തം വി. പൗലോസ് സഭയെ "മിശിഹായുടെ ശരീര"മെന്നു വിളിക്കുന്നു. മനുഷ്യന്റെ വിവിധാവയവങ്ങളും ശരീരത്തോടു യോജിച്ചിരിക്കുകയും ഒരേ ജീവചൈതന്യത്തിൽ ഭാഗഭാക്കുകളാവുകയും ചെയ്യുന്നതുപോലെയാണു ക്രിസ്ത്യാനികളും ക്രിസ്തുവിൽ യോജിപ്പിക്കപ്പെട്ടിരിക്കുന്നതു്. അവർ എല്ലാവരും അവിടത്തെ നിത്യജീവനിൽ ഓഹരിക്കാരായി ഒരു ജീവനുള്ള ശരീരമായിത്തീരുന്നു. അതിനാൽ, ക്രൂശിക്കത്തിൽ മിശിഹായുടെ മൗതികശരീരമെന്നു പറഞ്ഞാൽ സഭ എന്നാണർത്ഥം.

കത്തോലിക്കരായ നാം ക്രിസ്തുവിന്റെ ഏകശരീരമായിത്തീരത്തക്കവണ്ണം അവിടത്തോടു യോജിപ്പിക്കപ്പെട്ടിരിക്കുന്നു. വി. പൗലോസ് എഫേസൂസുകാർക്കെഴുതിയ ലേഖനത്തിൽ "തന്റെ ശരീരമായ സഭയുടെ ശിരസ്സാണു മിശിഹാ" എന്നു പ്രസ്താവിച്ചിരിക്കുന്നു (1–23).

സ്വർഗ്ഗാരോഹണദിവസം മിശിഹാ നമ്മിൽനിന്നു വേർപിരിഞ്ഞതു നമ്മെ അനാഥരായി വിട്ടിട്ടല്ല. ഗലീലിയായിൽ അവിടത്തോടൊന്നിച്ചു ജീവിക്കുവാൻ ഭാഗ്യം ലഭിച്ച ശിഷ്യന്മാരെയോ സ്നേഹിതന്മാരെയോ കുറിച്ചു നാം അസൂയപ്പെടേണ്ടതില്ല. വെറും പരിചയത്തെക്കാൾ ഉപരിയായ ഒരു ബന്ധമാണു നമുക്കു മിശിഹായുമായുള്ളതു്. നാം ഏക ശരീരമായി ക്രിസ്തുവിനോടു് ഐക്യപ്പെട്ടിരിക്കുന്നു.

ക്രിസ്തുവുമായുള്ള ബന്ധം എല്ലാക്കാലത്തും തുടർന്നുകൊണ്ടുപോകുവാൻ സഭ സഹായിക്കുന്നു. മിശിഹാ എല്ലാക്കാലത്തും എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ മനുഷ്യരോടുംകൂടി വസിക്കുന്നു. മിശിഹായുടെ ജീവൻ കുരിശിൽവച്ചു എന്നന്നേയ്ക്കുമായി ചെലവാക്കപ്പെട്ടില്ല. അവിടുന്നു നമ്മുടെ സമകാലികനാണു്.

ഗാഗ്രൽത്തായിൽവച്ചു ജനിച്ചു

ദുഃഖവെള്ളിയാഴ്ചയാണു് ഈ മൗതികശരീരത്തിന്റെ ജനനം. മിശിഹാ ക്രൂശിൽ മരിച്ചപ്പോൾ ഈ ശരീരം ഉൽഭവിക്കുകയും മനുഷ്യരാശി മിശിഹായിൽ ജീവിക്കുകയും ചെയ്തു. അവിടത്തെ മരണം നിത്യജീവന്റെ സമ്മേളിയെ ഉളവാക്കി. "ഞാൻ ഭൂമിയിൽനിന്നു് ഉയർത്തപ്പെട്ടാൽ എല്ലാവരെയും എന്റെ അടുക്കലേക്കു ഞാൻ ആകർഷിക്കും" (യോഹ. 12, 32) എന്നു് അവിടുന്നു തന്നെക്കുറിച്ചുതന്നെ പറഞ്ഞു.

ക്രിസ്തു കുരിശിന്മേൽ തറയ്ക്കപ്പെട്ടപ്പോൾ ഈ വാക്കുകൾ നിറവേറി. ആ സന്ദർഭത്തിൽ അവിടുന്നു നമ്മെ എല്ലാവരേയും ഏക ശരീരമായി തന്നോടു യോജിപ്പിച്ചു. മനുഷ്യരാശിയെ ഒന്നടങ്കം ആശ്ലേഷിക്കുന്നതിനുവേണ്ടിയാണു വേദനിക്കുന്ന ആ കൈകൾ അവിടുന്നു വിരിച്ചു പിടിച്ചിരിക്കുന്നതു്.

കണ്ടാലും അവിടുന്നു നമ്മെ എത്രമാത്രം സ്നേഹിച്ചുവെന്നു്! നമുക്കുവേണ്ടി മരിക്കുവാൻമാത്രമല്ല, നമ്മെ എല്ലാവരേയും ആശ്ലേഷിക്കുവാനും തന്റെ ശരീരത്തിന്റെ അവയവങ്ങളാക്കുവാനും അവിടുന്നു് അഭിലഷിച്ചു. നമ്മോടു വേർപെട്ടിരിക്കുവാൻ അവിടത്തെ തീവ്രമായ സ്നേഹം അശക്തമായിരുന്നു. യഥാർത്ഥമായ സ്നേഹം എപ്പോഴും ഐക്യത്തെയാണു് അഭിലഷിക്കുക.

ജ്ഞാനസ്നാനം

ജ്ഞാനസ്നാനത്താൽ നാം ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ അംഗങ്ങളായിത്തീരുന്നു. മാമ്മോദീസായുടെ നിർമ്മലജലം നമ്മുടെ ശരീരത്തെ സ്പർശിക്കുമ്പോൾ മിശിഹായുടെ ജീവൻ നമ്മുടെ ആത്മാക്കളിൽ കവിഞ്ഞൊഴുകുന്നു. ജ്ഞാനസ്നാനം ഒരു ദ്വിതീയ ജനനമാണു്; എന്തുകൊണ്ടെന്നാൽ, അപ്പോഴാണു് മിശിഹായിലുള്ള നമ്മുടെ ജീവൻ ആ

രംഭിക്കുന്നതു്. മിശിഹാ നമ്മോടു പറയുന്നു: "ഒരു മനുഷ്യനും വീണ്ടും ജനിക്കുന്നില്ലെങ്കിൽ അവൻ ദൈവരാജ്യം ദർശിക്കുകയില്ല." (യോ. 3–3).

നമ്മുടെ ജ്ഞാനസ്നാനവും ഗാഗുൽത്തായിൽവച്ചു നടന്ന ക്രിസ്തുവിന്റെ കുരിശുമരണവും തമ്മിൽ അഗാധമായ ഒരു ബന്ധമുണ്ടു്. ക്രിസ്തു കുരിശിൽ മരിച്ച ആ നിമിഷത്തിലാണു് അവിടുത്തെ മൗതികശരീരത്തിന്റെ ജനനം നടന്നതു്. നാം മാമ്മോദീസാ സ്വീകരിക്കുന്ന അവസരത്തിലാണു മിശിഹായുടെ മൗതികശരീരത്തിന്റെ അംഗമായി ജനിക്കുന്നതു്. ഇരുസന്ദർഭങ്ങളിലും ഒരു ജനനമുണ്ടു്. കുരിശിൽവച്ചു് ആ മൗതികശരീരം ഉൽഭൂതമായി. മാമ്മോദീസായിൽ നാം ആ ശരീരത്തിന്റെ അംഗങ്ങളായി ജന്മം കൊള്ളുന്നു.

"ഈശോമിശിഹായിൽ സ്നാനം സ്വീകരിച്ച എല്ലാവരും അവിടുത്തെ മരണത്തിൽ സ്നാനപ്പെട്ടുവെന്നു നിങ്ങൾ അറിയുന്നില്ലേ?" എന്നു വിശുദ്ധ പൗലോസ് ചോദിക്കുന്നു. (റോമ 6: 3). മിശിഹായുടെ ശരീരത്തിലുള്ള നമ്മുടെ ജനനം പരിഗണിക്കുമ്പോൾ വി. അപ്പസ്തോലന്റെ വാക്കുകൾ സ്പഷ്ടമായി നമുക്കു മനസ്സിലാക്കാം. ക്രിസ്തുവിൽ സ്നാനപ്പെടുമ്പോൾ അവിടുത്തെ മരണത്തിലാകുന്നു നാം സ്നാനപ്പെടുന്നതു്. എന്തുകൊണ്ടെന്നാൽ അവിടുത്തെ മരണമാണു് അങ്ങിൽ ജീവിക്കുക നമുക്കു സാധ്യമാക്കിയതു്.

വി. പൗലോസിന്റെ ലേഖനങ്ങളിൽ "ഈശോമിശിഹായിൽ" എന്ന വാക്കുകൾ 150–ൽ കൂടുതൽ പ്രാവശ്യം ആവർത്തിച്ചിട്ടുണ്ടു്. വി. പൗലോസിനു് ഏറ്റവും താൽപര്യമുള്ള വാക്കുകളാണിവ. ഈ വാക്കുകൾ വളരെ അഗാധമായ അർത്ഥത്തെ കുറിക്കുന്നവയാണു്. ഒരു വ്യക്തിയേക്കുറിച്ചു "യേശുക്രിസ്തുവിൽ ഇന്നയാൾ" എന്നു് പറയുവാൻ കഴിയുന്നതു്, മാമ്മോദീസാവഴി അയാൾ ക്രിസ്തുവിന്റെ മൗതികശരീരത്തിലെ ഒരംഗമായിരിക്കുമ്പോഴാണു്. അതുകയാൽ

മാമ്മോദീസാവഴി ഒരു കത്തോലിക്കനായിരിക്കുക എന്നതു് എത്ര ഉൽകൃഷ്ടമായ ഒരു ബഹുമതിയാണു്. എന്തുകൊണ്ടെന്നാൽ ഒരു കത്തോലിക്കൻ ക്രിസ്തുവിനോടു് ഐക്യപ്പെട്ട ക്രിസ്തുവിൽ ജീവിക്കുന്ന ഒരു വ്യക്തിയാണു്.

ശിശുവോ ഇടത്തുട്ടോ മൂലം ക്രിസ്തുവിന്റെ മൗതിക ശരീരത്തിൽനിന്നു വേർപെടുവാൻ നമുക്കു കഴിയും. മഹാരോൻ മുഖാന്തരം നമ്മെ വേർപെടുത്തുവാൻ വേണ്ട അധികാരം പരി. പിതാവിൽ നിക്ഷിപ്തമായിട്ടുണ്ടു്.

ശിശു, ഇടത്തുട്ടു് തുടങ്ങിയവ മുഖാന്തരമല്ലാത്ത ചാവുദോഷം ഒരു കത്തോലിക്കനെ മിശിഹായുടെ മൗതികശരീരത്തിൽനിന്നും വിച്ഛേദിച്ചുകളയുന്നില്ല. ഒരു കത്തോലിക്കൻ ചാവുദോഷത്തിൽ അകപ്പെട്ടിരിക്കുമ്പോൾ പ്രസ്തുത ശരീരത്തിലെ ഒരു നിർജ്ജീവാംഗമാകുന്നെങ്കിലും, അപ്പോഴും ഒരു അംഗം തന്നെയാണു്. ഒരു നല്ല കുമ്പസ്സാരത്താൽ അവന്നു് തന്റെ പാപങ്ങൾക്കു പൊറുതി പ്രാപിക്കുവാൻ കഴിയും. അപ്പോൾ മിശിഹായുടെ ജീവൻ വീണ്ടും അവനിൽ പ്രവഹിക്കുകയും ചെയ്യും.

മൗതികശരീരത്തിന്റെ ആത്മാവു്

പരിശുദ്ധാത്മാവാണു് ഈ മൗതികശരീരത്തിന്റെ ആത്മാവു്. മനുഷ്യാത്മാവു് മനുഷ്യശരീരത്തിന്റെ വിവിധാവയവങ്ങൾക്കു ജീവനും ഐക്യവും നല്കുന്നതുപോലെ പരിശുദ്ധാവു് മൗതികശരീരത്തിനു ജീവനും ഐക്യവും നല്കുന്നു.

ഇപ്പോഴത്തെ പരിശുദ്ധപിതാവു് മിശിഹായുടെ മൗതികശരീരത്തെപ്പറ്റി പ്രസിദ്ധീകരിച്ച ചാക്രികലേഖനത്തിൽ പരിശുദ്ധാത്മാവു വഹിക്കുന്ന പങ്കിനെപ്പറ്റി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. അവിടുന്നു് ഇപ്രകാരം പ്രസ്താവിക്കുന്നു: "സകല ദാനങ്ങളുടേയും സൂക്ഷ്മമായ കൃപാവരത്തിന്റേയും ഉൽപത്തിസ്ഥാനമെന്ന നിലയിൽ മിശിഹാ നല്കിയിരിക്കുന്ന ജീവന്റേയും ശക്തിയുടേയും മൂലതത്വത്തെ നാം സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം, അതു്, അ

KALACKAL JEEVADHARA KENDRA
LIBRARY
1642

ശ്വാസപ്രദനായ പരിശുദ്ധാവുതന്നെയാണെന്നു നമുക്കു നിഷ്പ്രയാസം മനസ്സിലാക്കാം."

മൗതികശരീരത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവിയുടെ സാന്നിദ്ധ്യത്തെപ്പറ്റി പ്രസ്താവിക്കുമ്പോൾ വി. ആഗസ്തീനോസ്, അതിനു സാമൂഹികസാന്നിദ്ധ്യം (Corporate Presence) എന്നു സംജ്ഞ നല്കുന്നു. മൗതികശരീരത്തിന്റെ ഓരോ അംഗത്തിലും ഈ സാന്നിദ്ധ്യം ഉണ്ട്. ഒരു കത്തോലിക്കൻ ചാവുദോഷത്തിൽ അകപ്പെട്ടാലും ഈ സാന്നിദ്ധ്യം നഷ്ടപ്പെടുത്തുന്നില്ല. എന്തുകൊണ്ടെന്നാൽ, അവൻ അപ്പോഴും മൗതികശരീരത്തിന്റെ അംഗമാണ്.

ഈ സാന്നിദ്ധ്യം ശുദ്ധീകരവരപ്രസാദത്തെ സദാ അനുഗമിക്കുന്ന ദൈവികസഹവാസമല്ല. ഈ ദൈവികസഹവാസം, പ്രസാദവരത്തിൽ സ്ഥിതിചെയ്യുന്ന ആർക്കും ലഭിക്കും. അവർ മൗതികശരീരത്തിന്റെ അംഗമായിരിക്കണമെന്നു നിർബന്ധമില്ല. എന്നാൽ, പരിശുദ്ധാത്മാവിന്റെ ഈ സാമൂഹികസാന്നിദ്ധ്യം മൗതികശരീരത്തിലേ എല്ലാ അംഗങ്ങൾക്കും അവർ പ്രസാദവരത്തിലാണെങ്കിലും അല്ലെങ്കിലും ലഭിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ, ഈ സാന്നിദ്ധ്യം മൗതികശരീരത്തിന്റെ ആത്മാവായി സ്ഥിതിചെയ്യുന്ന പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമാണ്.

സ്നേഹത്തിന്റെ തത്വം

ക്രിസ്തുവിന്റെ മൗതികശരീരം ലോകവ്യാപകമായ ഒരു സ്നേഹസഖ്യമാണ്. പുരാതനക്രൈസ്തവരെപ്പറ്റി, "കണ്ടാലും അവർ എപ്രകാരം പരസ്പരം സ്നേഹിക്കുന്നു!" എന്നു പറഞ്ഞിരുന്നതിൽ അത്ഭുതപ്പെടാനില്ല. അവർ ക്രിസ്തുവിനെ ഓരോരുത്തരിലും ദർശിച്ചിരുന്നതിനാൽ അന്യോന്യം സ്നേഹിച്ചിരുന്നു. ക്രിസ്തുവിനെ സമസൃഷ്ടികളിൽ ദർശിക്കുന്നവ

ക്ഷം അവരെ സ്നേഹിക്കുക കൂടുതൽ എളുപ്പമാണ്. വി. അഗസ്തീനോസ് പറയുന്നു: "നിങ്ങളുടെ സ്നേഹം ലോകം മുഴുവൻ വ്യാപിപ്പിക്കുവിൻ. എന്തുകൊണ്ടെന്നാൽ ക്രിസ്തുവിന്റെ അവയവങ്ങളെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും കാണുമാറാണ്." നാം പരസ്പരം സ്നേഹിക്കുമ്പോൾ, ക്രിസ്തുവുമായി നമുക്കുള്ള ഗാഢമായ ബന്ധംനിമിത്തം, ക്രിസ്തുവിനെയാകുന്നു നാം സ്നേഹിക്കുന്നതു്. നാം പരസ്പരം ദയയോടും ഔദാര്യത്തോടുംകൂടി പെരുമാറുമ്പോൾ ക്രിസ്തുവിനോടാണ് അപ്രകാരം വർത്തിക്കുന്നതു്. "ചെറിയവരായ എന്റെ ഈ സഹോദരരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാകുന്നു ചെയ്തതു് എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു." (മത്തായി 25: 40) ഈ വാക്കുകളാൽ ക്രിസ്തു തന്നെത്തന്നെ തന്റെ സഹോദരരുമായി ഏകീഭവിപ്പിക്കുന്നു.

മൗതികശരീരത്തെസംബന്ധിച്ചുള്ള പ്രബോധനം നമ്മുടെ ഹൃദയങ്ങളെ മനുഷ്യരോടുള്ള അഗാധവും നിഷ്കളങ്കവുമായ സ്നേഹംകൊണ്ടു നിറയ്ക്കുന്നു. അതു മനുഷ്യവർഗ്ഗത്തിന്മേൽ ശോഭയേറിയ പ്രകാശകിരണം വീശുന്നു. തൽഫലമായി മനുഷ്യരോടുള്ള നമ്മുടെ അനുവർത്തനരീതി ക്രിസ്തുവിനോടുള്ളതുതന്നെയായിമാറുന്നു. അതേ, വാസ്തവത്തിൽ ഈ പ്രബോധനം മനുഷ്യരാശിക്കുവേണ്ടിയുള്ള പ്രബോധനംതന്നെയാണ്.

മൗതികശരീരത്തിന്റെ പ്രാർത്ഥന

മൗതികശരീരത്തിലേ അംഗങ്ങൾ എല്ലാ സംഗതികളിലും സഹകരിക്കുകയും എല്ലാറ്റിലും ഭാഗഭാക്കുകളാവുകയും ചെയ്യുന്നു. പ്രാർത്ഥനയിലാണ് അവരുടെ സഹകരണം കൂടുതൽ സ്പഷ്ടമായി കാണുക. മൗതികശരീരത്തിന്റെ ഔദ്യോഗികപ്രാർത്ഥനയാണു കാനോനാജപം. അതിനാൽ, അതിനു മഹത്തായ ശക്തിയുണ്ട്. ഒരു പുരോഹിതൻ പ്രാർത്ഥിക്കുന്ന

തു ക്രിസ്തുവിന്റെ സ്വരത്തോടുകൂടിയാണ്. അദ്ദേഹം ക്രിസ്തുവഴിയായും ക്രിസ്തുവിനോടുകൂടിയും ക്രിസ്തുവിലും പ്രാർത്ഥിക്കുന്നു. അതിൽ സകല വിശ്വാസികൾക്കും ഭാഗഭാഗിത്വമുണ്ട്.

കാനോനാജപത്തിൽ മാത്രമല്ല, വിശ്വാസികൾ സഹകരിക്കുന്നതു്. കേൾക്കിപൂർവ്വം ഉച്ചരിക്കപ്പെടുന്ന ഓരോ നന്മനിറഞ്ഞ മറിയവും മൗതികശരീരത്തിന്റെ അംഗങ്ങൾക്കെല്ലാം പ്രയോജകീഭവിക്കുന്നു. ഇക്കാരണത്താൽത്തന്നെയാണു വി. ചെറുപുഷ്പത്തിനു കന്യകാലയത്തിനുള്ളിൽ വസിച്ചുകൊണ്ടു വിദേശമിഷനുവേണ്ടി ഇത്രയധികം നന്മ ചെയ്യുവാൻ സാധിച്ചതു്.

മൗതികശരീരത്തിനു ജീവിക്കുന്നതിനും ശ്വസിക്കുന്നതിനും പ്രാർത്ഥനാനിർഭരമായ ഒരന്തരീക്ഷം ആവശ്യകമാണ്. മിശിഹായിൽ ജീവിക്കുന്നതിനുള്ള ഏകമാർഗ്ഗം പ്രാർത്ഥനാപരമായ ഒരു ജീവിതം കഴിക്കുകയാണ്. മിശിഹാ നമ്മിൽ ജീവിക്കുന്നു എന്നു മനസ്സിലാക്കുകയാണെങ്കിൽ നമ്മുടെ കേന്ദ്രീ ഉജ്ജ്വലിക്കുകയും പ്രാർത്ഥിക്കുവാൻ നാം കൂടുതൽ ആകാംക്ഷയുള്ളവരാകുകയും ചെയ്യും.

ക്രിസ്തുവിനോടുകൂടി സഹിക്കുക

"ക്രിസ്തുവിനോടുകൂടി ഞാൻ കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു" എന്നു വി. പൗലോസ് പറയുന്നു. ഏതൊരു ക്രിസ്ത്യാനിയും ഇപ്രകാരം പറയുവാൻ ശക്തനാകേണ്ടതാണ്. ക്രിസ്തു തന്റെ അവയവങ്ങളായ വിശ്വാസികളിൽ ജീവിക്കുന്നതുപോലെ, അവരിൽ സഹിക്കുകയും ചെയ്യുന്നു. ഈ സഹനം ലോകാവസാനംവരെ നീണ്ടുനില്ക്കും.

നാം ക്രിസ്തുവിന്റെ ശരീരത്തിലേ അംഗങ്ങളായതിനാൽ അവിടത്തെ സഹനങ്ങളിൽ നാമും ഭാഗഭാക്കുകളാകണം. വി. ബർണ്ണാർഡ് പറയുന്നതുപോലെ "നാം മുൾമുടി ധരിച്ചിരിക്കുന്ന ഒരു ശിരസ്സിന്റെ അംഗങ്ങളാണ്." നമ്മുടെ സ

ഥനങ്ങളിൽ മിശിഹാ വെറുമൊരു നിരീക്ഷകനല്ല. അതുപോലെ അവിടുത്തേ സഹനങ്ങളിൽ നാമും വെറും നിരീക്ഷകരല്ല. നാം അവിടുത്തെ സഹനങ്ങളിലും അവിടുന്നു നമ്മുടെ സഹനങ്ങളിലും സഹഭോക്താക്കളാകുന്നു. വി. പൗലോസ് പറയുന്നു, "മിശിഹായുടെ പീഡകളും നമ്മിൽ വല്ലിച്ചിരിക്കുന്നു." (2 കൊറി. 1: 5)

കത്തോലിക്കാസഭയിൽ എല്ലാ ശതകങ്ങളിലും ക്രിസ്തുവിന്റെ സഹനങ്ങൾ വല്ലാമനമായിരുന്നു. ഈ ശതകത്തിലും അവയ്ക്കു കുറവില്ല. പല രാജ്യങ്ങളിലും കത്തോലിക്കർ നിഷ്ഠുരമർദ്ദനങ്ങൾ സഹിക്കുന്നു. ക്രിസ്തുവിനോടുകൂടി സഹിക്കുക നമുക്കു മഹത്വവും ആനന്ദവും ആയിരിക്കണം. എന്തുകൊണ്ടെന്നാൽ, സഹനമാണു മിശിഹായുടെ ഔദ്യോഗിക മുദ്ര. സഹനംതന്നെയാകുന്നു സഭയാകുന്ന അവിടുത്തെ മൗതികശരീരത്തിന്റെയും ഔദ്യോഗികചിഹ്നം.

നിർമ്മലതയുടെ പ്രബോധനം.

ആധുനികലോകത്തിൽ ജീവിതത്തിന്റെ ഏതു തുറകളിലും അശ്ലീലത വളരെ വർദ്ധിച്ചിട്ടുണ്ട്. ശ്ലീലത അഭംഗം പാലിക്കുക വൈഷമ്യമേറിയ ഒരു കായ്മാണ്, തീർച്ചതന്നെ. ഇന്നത്തെ ജീവിതസാഹചര്യങ്ങളിലേക്കു പ്രവേശിക്കുന്ന ഒരു യുവാവിനു ശക്തിയേറിയ പ്രലോഭനങ്ങളെ നേരിടേണ്ടതായിവരുന്നു. ഇന്നു ജഡികവിഷയങ്ങൾക്ക് അസാധാരണമായ വർണ്ണപ്പകിട്ടു നല്കപ്പെടുന്നു. മനുഷ്യശരീരത്തിന്റെ സൗന്ദര്യം, വിശിഷ്യ, സ്ത്രീസൗന്ദര്യം വ്യാപാരവസ്തുവായി പരിണമിച്ചിരിക്കുന്നു. പരസ്യക്കാർ അതിനെ ലജ്ജാവഹമാംവിധം ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

മൗതികശരീരത്തെക്കുറിച്ചുള്ള പ്രബോധനം ഈ വിഷയത്തിൽ രക്ഷാകരമായ പ്രകാശം വീശുന്നു. ക്രിസ്തുവിന്റെ ശരീരത്തോടു യോജിച്ചിരിക്കുന്നതിനാൽ പരിപാവനമായ

ഒരു വസ്തുവാണു മനുഷ്യശരീരം. നാം ആത്മാവിൽമാത്രമല്ല, ശരീരത്തിലും ക്രിസ്തുവിനോടു ബന്ധിക്കപ്പെട്ടിരിക്കുന്നു. അതിനാൽ, നമ്മുടെ മാനുഷികത്വം ഒരു നൂതനമായ മാഹാത്മ്യം കൈക്കൊള്ളുന്നു. തന്നിമിത്തം, ഒരു മനുഷ്യശരീരത്തെ അപമാനിക്കുന്നതു ക്രിസ്തുവിനെ അപമാനിക്കുന്നതിനോടു തുല്യമാണു്. തങ്ങളുടെ ശരീരങ്ങൾ മിശിഹായുടെ മൗതികശരീരത്തിന്റെ അംഗങ്ങളാണെന്നു മനസ്സിലാക്കുമ്പോൾ ബാലികാബാലന്മാർ പരസ്പരം ബഹുമാനാദരങ്ങളോടെ വർത്തിക്കും. എന്തുകൊണ്ടെന്നാൽ, മിശിഹായുടെ ശരീരത്തെ അശുദ്ധമാക്കുന്നതു ഭയാനകമായ പാപമാണെന്നു് അവക്കറിയാം. അങ്ങനെ അശുദ്ധി ബഹിഷ്കൃതമാകും.

കത്തോലിക്കായുവതികൾ വിശേഷിച്ചും, മിശിഹായിൽ തങ്ങൾക്കുള്ള സ്ഥാനമാഹാത്മ്യം സദാ അനുസ്മരിച്ചു തങ്ങളുടെ പരിശുദ്ധിയെ സംരക്ഷിക്കുന്നതിൽ അതീവതൽപരരാകേണ്ടതാണു്. "നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അംഗങ്ങളാണെന്നു നിങ്ങൾ അറിയുന്നില്ലേ?" (1 കൊ. 6: 15) എന്നു വി. പൗലോസ് ചോദിക്കുന്നു.

മനുഷ്യന്റെ മഹനീയത

വ്യാവസായികമായി നാം പുരോഗമിക്കുമ്പോൾ, മനുഷ്യന്റെ മഹനീയതയെ നിശ്ശേഷം വിസ്മരിച്ചുകളയുന്നുവെന്നതാണു നമ്മുടെ ഇന്നത്തെ മിക്ക സാമൂഹികപ്രശ്നങ്ങളുടേയും ഹേതു. മനുഷ്യൻ ഇന്നു ചന്തയിലേ വിലകുറഞ്ഞ വില്പനവസ്തുവായി മാറിയിരിക്കുകയാണു്. അവന്റെ മഹനീയത അസ്തപ്രായമായിരിക്കുന്നു. എന്നാൽ, ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗമാകുന്നതുനിമിത്തം, അവൻ ക്രിസ്തുവിന്റെ അനന്തമഹാപദ്ധതിയിൽ പങ്കുകാരനാകത്തക്കവിധം അത്യുച്ചമായ സ്ഥാനത്തേയ്ക്കു് ഉയരുന്നു. ലോകത്തിലേ ഏറ്റവും ദരിദ്രനായ മനുഷ്യൻപോലും മിശിഹാ നേടിയിട്ടുള്ള

അമൂല്യനിധികൾക്ക് ഓഹരിക്കാരനാകുന്നതിനാൽ, ആധ്യാത്മികമായി ഒരു കോടീശ്വരനായിത്തീരുന്നു. ക്രിസ്തുവിന്റെ ജീവനിൽ ജീവിക്കുന്നതിനാൽ ദൈവികമായ ഒരു നാടകത്തിൽ അവൻ ഒരു നടനായിത്തീരുന്നു. അവനും, സാത്മകമായി പറയാം: "എനിക്കു ജീവിക്കുക ക്രിസ്തുവാകുന്നു" (ഫിലി. 1: 21).

വർഗ്ഗവ്യത്യാസം.

ആധുനികകാലത്തു വർഗ്ഗവ്യത്യാസങ്ങളെ ഇല്ലാതാക്കുവാൻ ചില പരിശ്രമങ്ങൾ നടക്കുന്നുണ്ട്. അടിസ്ഥാനപരമായി മനുഷ്യരെല്ലാം തുല്യരാണ് എന്ന തത്വം സ്വാഭാവികമാണ്. ഗലേഷ്യാക്കാർക്കെഴുതിയ ലേഖനത്തിൽ വി. പൗലോസ് ഈ തത്വം അസന്ദിഗ്ദ്ധമാംവിധം പ്രസ്താവിക്കുന്നു: "യഹൂദനോ, ഗ്രീക്കുകാരനോ, അടിമയോ പൗരനോ, സ്ത്രീയോ പുരുഷനോ നിങ്ങളെല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു." (3: 28).

ഇവിടെ, ഗണനീയമായ ഏകത്വവും അതിനെക്കാൾ ഗണനീയമായ സമത്വവും നാം കാണുന്നു. സ്ത്രീപുരുഷവർഗ്ഗവ്യത്യാസംപോലും നിസ്സാരീകരിക്കപ്പെടത്തക്കവിധം ക്രിസ്തുവിനോടുള്ള നമ്മുടെ ബന്ധം അത്ര പരിപൂർണ്ണമാണ്. വി. പൗലോസിന്റെ കാലത്തു്, പ്രത്യേകിച്ചു് പൗരസ്ത്യരാജ്യങ്ങളിൽ, സാമൂഹ്യികരംഗത്തു പുരുഷനും സ്ത്രീക്കും തമ്മിൽ പ്രകടമായ വ്യത്യാസങ്ങളാണുണ്ടായിരുന്നതു്. പുരുഷന്മാരേതിനെക്കാൾ സ്ത്രീകളുടെ നില വളരെ അപകൃഷ്ടമായിരുന്നു. അതിരുകടന്ന ഈ വ്യത്യാസത്തെ പരിഗണനകളെ മിശിഹായുടെ മൗതികശരീരത്തെക്കുറിച്ചുള്ള പ്രബോധനം ഇല്ലാതാക്കുമെന്നു വി. പൗലോസ് ചൂണ്ടിക്കാണിക്കുന്നു.

എന്നാൽ, യാതൊരു വർഗ്ഗവ്യത്യാസവുമില്ലാത്ത ഒരു സമുദായം ഒരിക്കലും ഉണ്ടായിരുന്നിട്ടില്ല; ഒരിക്കലും ഉണ്ടായിരിക്കുകയുമില്ല. ഏതു സമുദായത്തിലും സമത്വത്തിനെന്നതു

പോലെ അസമത്വത്തിനും കാരണങ്ങളും കാണാതിരിക്കുകയില്ല. മനുഷ്യർ എന്ന നിലയിൽ എല്ലാവരും തുല്യരാണെങ്കിലും വ്യക്തികൾ എന്ന നിലയിൽ ചില വ്യത്യാസങ്ങളുണ്ട്. ഈ വ്യത്യാസങ്ങൾ ഇല്ലായിരുന്നെങ്കിൽ ജീവിതം തന്നെ വളരെ ദുഷ്കരമാകുമായിരുന്നു.

മിശിഹായുടെ മൗതികശരീരം വിവിധത്വത്തിലുള്ള ഒരു ഐക്യത്തെയാണു വ്യക്തമാക്കുന്നതു്. ശരീരത്തിലേ അംഗങ്ങൾ വിവിധങ്ങളാണെങ്കിലും അവയെല്ലാംകൂടി പൂർണ്ണശരീരത്തെ ഉൽകൃതമാക്കുകയും ആ ശരീരത്തിന്റെ പ്രയോജനത്തിനായി അവയവങ്ങൾ പരസ്പരം സഹകരിക്കുകയും ചെയ്യുന്നു.

ജനലക്ഷങ്ങൾ അവളെ "അമ്മ" എന്നു വിളിക്കുന്നു

പരിശുദ്ധ കന്യകാമറിയം ക്രിസ്തുവിന്റെ മാതാവാണു്. അതിനാൽ, അവൾ നമ്മുടേയും മാതാവാണു്. എന്തുകൊണ്ടെന്നാൽ, ക്രിസ്തുവും നാമും ഒരേ ശരീരത്തിലേ അംഗങ്ങളാണു്. വി. പൗലോസ് പറയുന്നതുപോലെ "അദ്ദേഹത്തിന്റെ മാംസത്തിൽനിന്നും അസ്ഥിയിൽനിന്നും നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു."(എഫേ: 5: 30). അതിനാൽ, എത്ര അനുചിതമായിട്ടാണു്, ജനലക്ഷങ്ങൾ പരിശുദ്ധജനനിയെ മാതാവെന്നു വിളിക്കുന്നതു്. മാതാവിനു നമ്മുടെമേലുള്ള മാതൃത്വം വെറുമൊരു അലൗകികമല്ല; സത്യത്തിലും ന്യായത്തിലും അധിഷ്ഠിതമായിരിക്കുന്ന ഒരു യാഥാർത്ഥ്യമാണു്.

ഗാഗുൽത്തായിൽ കുരിശിൻചുവട്ടിൽവച്ചു മഹാവ്യാകുലതയോടും വേദനയോടുംകൂടിയാണു് അവൾ നമ്മുടെ മാതാവായതു്. അതേ, ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ ജനനം ഗാഗുൽത്തായിൽവച്ചു നടന്നു. മറിയമാണു് അതിന്റെ ജനനി. ശിരസ്സും അവയവങ്ങളുംചേർന്ന പൂർണ്ണനായ ക്രിസ്തുവിന്റെ മാതാവാണു് അവൾ.

കത്തോലിക്കാമാതാവ്

ഒരു കത്തോലിക്കാമാതാവ് ജ്ഞാനസ്നാനം സ്വീകരിച്ച തന്റെ കുഞ്ഞിനെ കൈയിലെടുത്തു ശുശ്രൂഷിക്കുന്നതു് ഉണ്ണിമിശിഹായെ ശുശ്രൂഷിക്കുന്നതിനു തുല്യമായ കൃത്യമാണു്. അവളുടെ സ്നേഹവും പരിചരണങ്ങളും ക്രിസ്തുവിനു നല്കപ്പെട്ടതായി പരിഗണിക്കപ്പെടുന്നു. "ഏറ്റവും ചെറിയവരായ എന്റെ ഈ സഹോദരരിൽ ഒരുവനു ചെയ്തപ്പോഴൊക്കെയും എനിക്കു ചെയ്തുവെന്നു സത്യമായി ഞാൻ പറയുന്നു" (മത്തായി 25: 40).

ഓരോ നല്ല കത്തോലിക്കാകുടുംബവും നസ്രസ്സിലെ തിരുക്കുടുംബത്തിനു തുല്യമാണു്. മിശിഹായ്ക്കു് ഇഷ്ടമുള്ളവരായി തങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തുക ഓരോ മാതാവിന്റേയും ചുമതലയാണു്. മാമ്മോദീസാ മിശിഹായിലുള്ള നമ്മുടെ ജീവന്റെ ആരംഭമാണു്, അല്ലാതെ പൂർത്തീകരണമല്ല. മിശിഹായുടെ ദൈവികജീവൻ നമ്മിൽ ഒരു തീപ്പൊരിപോലെയാണു് ആരംഭിക്കുന്നതു്. കാലക്രമത്തിൽ ഉജ്ജ്വലമായ ഒരു അഗ്നികുണ്ഡമായിത്തീർന്നു്, മിശിഹായിൽ നമ്മെ മഹിപ്പിക്കുവാൻ അതിനു സാധിക്കുന്നു. ഏതൽക്കാരണത്താലാണു വി. പൗലോസ് ഇപ്രകാരം ഉൽഘോഷിക്കുന്നതു്: "ഇനി ഞാനല്ല ജീവിക്കുന്നതു മിശിഹാ എന്നിൽ ജീവിക്കുന്നു" (ഗലാ. 2: 20).

തന്റെ മക്കളുടെ ദുരാചാരങ്ങൾ നിമിത്തം ഒരു കത്തോലിക്കാമാതാവു ഖിന്നയായിത്തീരുമ്പോൾ, ക്രിസ്തുവിന്റെ ദിവ്യജീവൻ ഹൃത്തുമായിട്ടാണെങ്കിലും അവരിൽ ഉണ്ടല്ലോ എന്ന വിചാരം അവളെ സമാശ്വസിപ്പിച്ചേക്കാം. മാതൃകമായ അവളുടെ ശിക്ഷണത്തിന്റെ ലക്ഷ്യം ക്രിസ്തുവിന്റെ സ്വഭാവം അവളുടെ കുഞ്ഞുങ്ങളിൽ അരിവുള്ളമാക്കുകയാണു്. മിശിഹായുടെ മാതാവായ മറിയമാണു് എല്ലാ ക

ത്തോലിക്കാമാതാക്കൾക്കും മാതൃക. അവർ ആ ദിവ്യജനനിയെയാണു തങ്ങളുടെ വഴികാട്ടിയായി സ്വീകരിക്കേണ്ടതു്.

ക്രിസ്തുവും സഭയും വിവാഹവും

ക്രിസ്തീയ വിവാഹത്തെ ക്രിസ്തുവും സഭയുമായുള്ള ബന്ധത്തോടു് ഉപമിക്കാം. വി. പൗലോസ് പറയുന്നു: "മിശിഹാ സഭയുടെ തലയും ശരീരത്തിന്റെ രക്ഷകനുമായിരിക്കുന്നതുപോലെതന്നെ ഭർത്താവു് ഭാര്യയുടെ ശിരസ്സാകുന്നു. ആ സ്ഥിതിക്കു സഭ മിശിഹായ്ക്കു കീഴ്പ്പെട്ടിരിക്കുന്നതുപോലെതന്നെ ഭാര്യമാരും തങ്ങളുടെ ഭർത്താക്കന്മാർക്കു സകലത്തിലും കീഴ്പ്പെട്ടിരിക്കണം. ഭർത്താക്കന്മാരേ, മിശിഹാ സഭയെ സ്നേഹിച്ചതുപോലെ നിങ്ങളും നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ." (എഫേ 5: 23–25). ക്രിസ്തുവും സഭയുമായുള്ള ആ അത്ഭുതകരമായ ബന്ധത്തോടു ഭാര്യാഭർത്തൃബന്ധം ഉപമിക്കാം. ഒരു ക്രിസ്തുവും ഒരു സഭയുംമാത്രം ഉള്ളതുപോലെ ഒരു ഭാര്യയും ഒരു ഭർത്താവുംമാത്രമേ ഉണ്ടായിരിക്കാൻ പാടുള്ളൂ.

വിവാഹമോചനം വിവാഹമെന്ന ക്രമാശയ്ക്കു കടകവിരുദ്ധമാണു്. ക്രിസ്തുവും സഭയുമായുള്ള ബന്ധം അഭേദ്യമായതുപോലെ വിവാഹത്താലുൽഭൂതമാകുന്ന ബന്ധം, ദമ്പതികളിൽ ആരെങ്കിലും ഒരാളുടെ മരണംവരെ അഭേദ്യമായിരിക്കണം. ആധുനികകാലത്തു് ഏറ്റവും ദുർവിനിയോഗിക്കപ്പെടുന്ന ഒരു ക്രമാശയാണു വിവാഹം. മാഹാത്മ്യമേറിയ ഈ ക്രമാശയെ അതർഹിക്കുന്ന ഗൗരവത്തോടുകൂടി പലരും വീക്ഷിക്കുന്നില്ല. സാമുദായികജീവിതത്തിന്റെ പ്രാഥമികനിയമങ്ങളും മനസ്സിലാക്കിയിട്ടുള്ളവർക്കു രാഷ്ട്രത്തിന്റെ ആരോഗ്യവും ആയുസ്സും കുടുംബത്തിന്റെ സുസ്ഥിരതയെ ആശ്രയിച്ചിരിക്കുന്നുവെന്നു ഗ്രഹിക്കുവാൻ പ്രയാസമില്ല. അതിപ്രബലങ്ങളായ രാഷ്ട്രങ്ങളുടെ അധഃപതനത്തിനു ഹേതു കുടുംബത്തിന്റെ അധഃപതനമായിരുന്നുവെന്നതു് ഒരു ചരിത്ര വ-

സ്തുതമാത്രമാണ്. ആധുനികലോകത്തെ ഭയപ്പെടുത്തുന്ന നിരീശ്വരത്വം, നിർമ്മതത്വം തുടങ്ങിയ പ്രസ്ഥാനങ്ങൾ ക്കെതിരായി ധീരായോധനം ചെയ്യുക കത്തോലിക്കരായ നമ്മുടെ ചുമതലാണ്. ആധുനികലോകത്തിന്റെ അബദ്ധ സിദ്ധാന്തങ്ങളെ അവഗണിച്ചുകൊണ്ടു ക്രിസ്തീയകുടുംബത്തെയും ക്രിസ്തീയ തത്വസംഹിതകളേയും ആദരിക്കുവാനും സംരക്ഷിക്കുവാനും നാം അതീവ തൽപരരായിരിക്കണം.

മൗതികശരീരത്തിന്റെ ഭക്ഷണം

ജീവനുള്ള ശരീരത്തിനു ഭക്ഷണം ആവശ്യകമായിരിക്കുന്നതുപോലെ ക്രിസ്തുവിന്റെ മൗതികശരീരത്തിനും ഭക്ഷണം ആവശ്യകമാണ്. അതിലേയ്ക്ക് അവിടുന്നു വി. കുർബാന എന്ന ക്രമീകരണത്തെ സ്ഥാപിച്ചു. അവിടുത്തെ തിരുശരീരവും തിരുരക്തവും നാം സ്വീകരിക്കുന്നതോടുകൂടി നിത്യജീവൻ നമ്മിൽ ശക്തി പ്രാപിക്കുന്നു. മിശിഹായുടെ തിരുശ്ശരീരം നാം ഭക്ഷിക്കുകയും അവിടുത്തെ തിരുരക്തം പാനം ചെയ്യുകയും ചെയ്യാതിരുന്നാൽ നാം ആത്മീയമായി മരിച്ചുപോകും. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു നിങ്ങളിൽത്തന്നെ ജീവൻ ഉണ്ടായിരിക്കുകയില്ല. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവർക്ക് നിത്യജീവൻ ഉണ്ട്. അവസാനനാളുകളിൽ അവനെ ഞാൻ ഉയിർപ്പിക്കുകയും ചെയ്യും. എന്തെന്നാൽ, എന്റെ ശരീരം സാക്ഷാൽ ഭക്ഷ്യമാകുന്നു. എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു. ആകയാൽ, എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും

ഞാൻ അവനിലും വസിക്കുന്നു." (യോഹ. 6: 54–57.) വി. കുർബാന എന്ന ക്രമീകരണത്തിൽ നാം ക്രിസ്തുവിലും ക്രിസ്തു നമ്മിലും വസിക്കുവാൻ ഇടവരുന്നു. ഈ ക്രമീകരണത്തെ ക്രിസ്തുവിനോട് അവിടുത്തെ മൗതികശരീരത്തിന്റെ ഐക്യത്തിൽ യോജിപ്പിക്കുന്നു. വി. യോഹന്നാൻ ക്രിസോസ്തോം പറയുന്നു: "വി. കുർബാനയെന്നാലെന്ത്? എന്തുകൊണ്ട് ഈ ക്രമീകരണം സ്ഥാപിക്കപ്പെട്ടു? അതിന്റെ ഉദ്ദേശമെന്താണ്? അവിടുത്തെ ശരീരത്തിൽനിന്നും അസ്ഥിയിൽനിന്നും ഉൽഭൂതമായ അംഗങ്ങളെ ഏകശരീരമായി യോജിപ്പിക്കുന്നതിനു വേണ്ടിത്തന്നെ."

അതിനാൽ, വി. കുർബാനയാണു സകല കത്തോലിക്കരേയും മിശിഹായുടെ മൗതികശരീരത്തിന്റെ അത്ഭുതാവഹമായ ഐക്യത്തിൽ യോജിപ്പിക്കുന്നത്. ഈ ക്രമീകരണത്തിന്റെ ഏറ്റവും വലിയ ഫലം മിശിഹായിലുള്ള ഐക്യമാണ്. അതുകൊണ്ടാണ് വി. അഗുസ്തീനോസ് ഇപ്രകാരം ഉൽഘോഷിക്കുന്നത്: "ഓ! കൂദാശസംബന്ധകമായ ക്രമീകരണമേ, ഐക്യത്തിന്റെ അടയാളമേ, ഉപവിയുടെ ഉടമ്പടിയേ" എന്നു്.

നമ്മുടെ ദിവ്യകാരുണ്യസ്വീകരണത്തെ ഒരു സാമൂഹികകൃത്യമായി നാം കരുതേണ്ടതാണ്. അതു് ഒരു വ്യക്തിയെമാത്രം സ്പർശിക്കുന്ന ചടങ്ങല്ല. ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ ഇതരാംഗങ്ങളോടുള്ള സ്നേഹത്താൽ നമ്മുടെ ഹൃദയങ്ങളെ നാം വികസിപ്പിക്കണം. വി. അഗുസ്തീനോസ് ഇപ്രകാരം പറയുന്നു: "നിങ്ങൾ ഫലപ്രദമായി വി. കുർബാന സ്വീകരിക്കുന്നുവെങ്കിൽ, അതു സാദൃശ്യപ്പെടുത്തുന്നപോലെ, നിങ്ങൾ ആയിത്തീരുവിൻ. നിങ്ങൾ സഭയോടു് ഐക്യപ്പെടുവിൻ. തമ്മിൽത്തമ്മിൽ ഐകമത്യം പാലിക്കുവിൻ. ക്രിസ്തുവിന്റെ മൗതികശരീരമായിത്തീരുവിൻ."

മൗതികശരീരത്തിന്റെ ബലി.

വി. കുർബാനയാണ് മൗതികശരീരത്തിന്റെ ബലി. ക്രിസ്തുതന്നെയാണ് അവിടുത്തെ അംഗങ്ങളോടു ചേർന്ന് അൾത്താരയിലെ ബലി നിത്യപിതാവിന് സമർപ്പിക്കുന്നതു്. ക്രിസ്തു തന്നെത്തന്നെ ബലിയായി സമർപ്പിക്കുമ്പോൾ തന്നോടു് യോജിച്ചിരിക്കുന്നവരെ തന്നിൽനിന്നും വേർപെടുത്തുന്നില്ല. അതിനാൽ, വി. കുർബാനയെന്ന ബലി വിശ്വാസികരും എല്ലാവരുംചേർന്ന മൗതികശരീരത്തിന്റെ ബലിയാണ്. തന്നിമിത്തം, അവർക്കെല്ലാം അതിൽ പങ്കുണ്ട്. അതു് അവരുടെ ബലിതന്നെയാണ്. അവർ മഹനീയമായ പ്രസ്തുത നാടകത്തിലെ കാഴ്ചക്കാരല്ല; നടന്മാർതന്നെയാണ്. ക്രിസ്തുവിനോടുള്ള ലോകവ്യാപകമായ നമ്മുടെ ബന്ധത്തിനിമിത്തം ലോകത്തിന്റെ ഏതു ഭാഗങ്ങളിൽ അപ്പിക്കപ്പെടുന്ന ദിവ്യബലികളിലും നാം ഓഹരിക്കാരാകുന്നു.

കുരിശിൽ അർപ്പിക്കപ്പെട്ട അതേബലിയാണ് വി. കുർബാന. ഗാഗുൽത്തായിൽവച്ചു നടന്ന ആ ശോകാന്തനാടകം തന്നെ അതിന്റെ എല്ലാ സ്ഥിതിയുടെയും ശക്തിയുടേയും പൊരുതിയുടേയും തികവിൽ നമ്മുടെ അൾത്താരകളിൽ ആവർത്തിക്കപ്പെടുന്നു. ഗാഗുൽത്തായിലെ ബലി ദൃശ്യമായ രക്തം ചിന്തലോടുകൂടിയതായിരുന്നു. വി. കുർബാനയിൽ ദൃശ്യമായ രക്തം ചിന്തലില്ല എന്നൊരു വ്യത്യാസംമാത്രം. "സൂര്യോദയംമുതൽ സൂര്യാസ്തമയംവരെ എന്റെ നാമം പുറജാതികളുടെ ഇടയിൽ വലുതാകുന്നു. എല്ലായിടങ്ങളിലും ബലികരം ഉണ്ട്. എന്റെ നാമത്തിൽ നിർമ്മലമായ ബലി അർപ്പിക്കപ്പെടുന്നു". (മലാക്കി. 1: 11) ഈ മനോഹരമായ പ്രവചനം വി. കുർബാനവഴി നിവർത്തിക്കപ്പെടുന്നു. ലോകത്തിന്റെ എല്ലഭാഗങ്ങളിലും ദിവസത്തിന്റെ എല്ലാസമയവും അൾത്താരകളിൽ പുരോഹിതന്മാർ ഈ നിർമ്മലബലി സമർപ്പിക്കുന്നു.

ആകയാൽ, ഓരോ കത്തോലിക്കനും ദിവ്യബലിയെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യണം. എന്തുകൊണ്ടെന്നാൽ, അതു് അവനെ ഗാഗുൽത്തായോടും അതു വഴി ക്രിസ്തുവിനോടും കൂട്ടുതൽ അടുപ്പിക്കുന്നു. കുരിശിൽവച്ചാണു് മിശിഹായുടെ മൗതികശരീരം ജന്മമെടുത്തതു്. ആകയാൽ, ഒരു കത്തോലിക്കൻ വി. കുർബാനയിൽ സംബന്ധിക്കുമ്പോൾ ജീവന്റെ ഉൽപത്തിസ്ഥാനത്തേക്കാണു് തിരികെ ചെല്ലുന്നതു്. അവൻ മനുഷ്യവംശത്തിന്റെ പുനർജനനത്തിന്റെ രംഗത്തേക്കു് പിന്തിരിയുകയും അതിൽ ഒരു സജീവഭാഗം അഭിനയിക്കുകയും ചെയ്യുന്നു. സകല ക്രിസ്തീയ നവീകരണവും ദിവ്യബലിയിൽ കേന്ദ്രീകൃതമായിരിക്കുന്നു.

കത്തോലിക്കാസഭയുടെ ശക്തി.

അപ്പസ്തോലന്മാരുടെ കാലത്തു കത്തോലിക്കാസഭയുടെ ശക്തി വളരെ പ്രകടമായിരുന്നു. ക്രിസ്തീയവിശ്വാസമാകുന്ന കാഹളധ്വനി പേഗൻ അമ്പലങ്ങളുടെ അടിസ്ഥാനങ്ങളെ ഇളക്കുകതന്നെ ചെയ്തു. പന്ത്രണ്ടു് അപ്പസ്തോലന്മാർ പാപപ്പെരുവെള്ളിയിൽ മുഴുകിയിരുന്ന ലോകത്തിലേക്കു് പ്രകാശമാനമായ അഗ്നിജ്വാലകൾപോലെ ആഗതരായി. റോമാസാമ്രാജ്യത്തിന്റെ എല്ലാ കോണിലും മൂലയിലും അവർ സത്യവിശ്വാസം പ്രചരിപ്പിക്കുകയും പേഗൻമതത്തെ നാമാവശേഷമാക്കുകയും ചെയ്തു. ഒരു ബലവത്തായ സൈന്യത്തേപ്പോലെ സകലതിനേയും ജയിച്ചടക്കിക്കൊണ്ടു ക്രിസ്തീയവിശ്വാസം മുന്നേറി.

എന്നാൽ, ആധുനികലോകം പുരാതന റോമാസാമ്രാജ്യത്തെപ്പോലെ വിശ്വാസശക്തിക്കു് അടിമപ്പെട്ടുകൊണ്ടിരിക്കുകയാണു്. മനുഷ്യർ ആത്മീയകാര്യങ്ങളിൽ ശ്രദ്ധ പതിക്കാതെ ശരീരത്തെ താലോലിക്കുന്നതിൽ ഉൽസുകരായി കാണപ്പെടുന്നു. ഇന്നത്തെ സ്ത്രീകളിൽ പലരും തങ്ങളുടെ ശരീരി

കസൗന്ദര്യത്തെ സവ്സ്വമായി കാണക്കാക്കുന്നു. ഇന്ന്, മനുഷ്യരുടെ ചിന്ത മുഴുവനും പണം, ശരീരസുഖം, സൗന്ദര്യം എന്നിവയെക്കുറിച്ചാണു്. അതേസമയം അവരുടെ ജീവിതലക്ഷ്യം കൂടുതൽ കൂടുതൽ അക്രൈസ്തവമായിത്തീരുകയും ചെയ്യുന്നു.

ഈ വിപത്തുകൾക്കെല്ലാമുള്ള ഏക പ്രതിവിധി വിശ്വാസത്തിന്റെ പരിപൂർത്തിയാണു്; കത്തോലിക്കാവിശ്വാസം പരിപൂർണ്ണമായി ജീവിതത്തിൽ പ്രതിബിംബിതമാകുന്ന പക്ഷം ആധുനികനിരീശ്വരപ്രസ്ഥാനങ്ങളെയെല്ലാം പാലായനം ചെയ്യിക്കുവാൻ അതിനു സാധിക്കും.

തലമുറതലമുറകളായി കത്തോലിക്കാവിശ്വാസം അനേകലക്ഷങ്ങളുടെ ഹൃദയങ്ങളേയും മനസ്സിനേയും കരുപ്പിടിപ്പിച്ചിട്ടുണ്ടു്. അതു നാഗരികതയുടെ സാംസ്കാരിക വാസനകൾക്കു രൂപം നൽകുകയും അവയെ നവീകരിക്കുകയും ചെയ്തിട്ടുണ്ടു്. ഈ വിശ്വാസത്തിന്റെ ശക്തി വാസ്തവത്തിൽ നിസ്തുലംതന്നെ.

"ലോകത്തിന്മേലുള്ള വിജയമോ ഇതാകുന്നു നമ്മുടെ വിശ്വാസം." (1 യോഹ. 5: 4.) ഈ വാക്യത്തിൽ ക്രൈസ്തവചരിത്രംമുഴുവന്റേയും ഒരു സംക്ഷേപം നമുക്കു ലഭിക്കുന്നുണ്ടു്. കത്തോലിക്കാസഭയുടെ ചരിത്രം എല്ലാ പ്രതിബന്ധങ്ങളേയും തട്ടിത്തകർത്തുകൊണ്ടു പുരോഗമിക്കുന്ന വിജയോന്മുഖമായ ഒരു വിശ്വാസത്തിന്റെ ചരിത്രമാണു്. അതു് എല്ലാസന്ദർഭങ്ങളിലും, പരാജയം അനിവാര്യമെന്നു തോന്നിയ സന്ദർഭങ്ങളിൽപ്പോലും സുനിശ്ചിതമായ വിജയം കൈവരിച്ചിട്ടുണ്ടു്. നമ്മുടെ വിശ്വാസം ലോകത്തെ കീഴടക്കിയിരിക്കുന്നു. ആയുധശക്തികൊണ്ടു് സഭയെ കീഴടക്കുവാൻ സംഘടിതമായ ശ്രമങ്ങൾ നടക്കുന്ന ആധുനികകാലത്തും കത്തോലിക്കാ വിശ്വാസത്തിന്റെ മഹത്തായ ശക്തിക്കു നാം ഇക്കു സാക്ഷികളാണു്. അവസാനം അതു് വിജയശ്രീയോടേ ഉയർന്നുവരും.

ഞങ്ങളുടെ ചില പുസ്തകങ്ങൾ

1	മനുഷ്യപുത്രൻ	2	0	0
2	ഇരുളിൽനിന്ന്	1	10	0
3	പതിതപ്രേമികൾ	0	7	0
4.	സ്നേഹഗായിക	0	6	0
5	ശോകനായിക	0	7	0
6.	സപ്തറാണി	0	5	0
7	സ്വാതന്ത്ര്യത്തിലേക്ക്	1	10	0
	ശാന്തിനികേതനത്തിലേക്ക്	1	6	0
9.	അമ്മിയന്റെ വീട്ടിൽ (ചെറുകഥകൾ)	0	8	0
10.	നാടിന്റെ നെടുവീർപ്പുകൾ (,,)	0	8	0
11.	മണിമേട (പ്രഹസനം)	0	8	0
12	കള്ളസന്യാസി (,,)	0	8	0
13	തകർന്നഹൃദയം (,,)	0	5	0
14	കണ്ണുകൾ തുറക്കുവിൻ	0	12	0
15	ഹൃദയനാഥൻ	0	12	0
16	ഗലിലേയന്റെ സേനയിൽ	2	10	0
17	വിശ്വഗായിക	2	2	0
18	മതം ശാസ്ത്രവേദിയിൽ	1	10	0

ആവശ്യപ്പെടുക:

ജനറൽ സെക്രട്ടറി,

എസ്സ്. എച്ച്. ലീഗ്,

ആലുവാ നോർത്ത് P. O